# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.5254

15/11/2019-ൽ
മറുപടിയ്ക്ക്

## <u>പി.ടി.എം.ഗവണ്മെന്റ് കോളേജിൽ കെമിസ്ട്രി അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി</u>

**ചോദ്യം**

ശ്രീ.മഞ്ഞളാംകുഴി അലി :

**മറുപടി**

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പെരിന്തൽമണ്ണ പി.ടി.എം.ഗവണ്മെന്റ് കോളേജിൽ ബി.എസ്.സി.കെമിസ്ട്രി കോഴ്സ് അനുവദിച്ച് നാളിതുവരെയായിട്ടും കെമിസ്ട്രി വിഷയം പഠിപ്പിക്കുന്നതിന് ഒരു സ്ഥിരം തസ്തിക പോലും ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കെമിസ്ട്രി അധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ കോളേജിൽ നിന്നും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (ബി) & (സി) | പെരിന്തൽമണ്ണ പി.ടി.എം.ഗവണ്മെന്റ് കോളേജിൽ കെമിസ്ട്രി വിഭാഗത്തിൽ ഒരു ലക്ചറർ തസ്തിക സൃഷ്ടിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച വരുന്നു. |
| (സി) | ലാബുകൾ ഉൾപ്പെടുന്ന വിഷയം കൈകാര്യം ചെയ്യുന്നതിന് ഒരു സ്ഥിരം അധ്യാപക തസ്തിക പോലും നിലവിലില്ലാത്തത് ഈ കോഴ്സിന്റെ അധ്യാപന നിലവാരത്തെ ബാധിയ്ക്കാനിടയുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഈ കോളേജിൽ കെമിസ്ട്രി അധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ? | | |

**സെക്ഷൻ ഓഫീസർ**